LIBRARY ARCHIVES Kerala Legislative Assembly

## പട്ടികവർഗ്ഗ കോളനിയിലെ ആദിവാസികൾക്ക് ആനുകൂല്യങ്ങൾ

124 [1810] ശ്രീ. യു. സി. രാമൻ:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിലെ ആദിവാസികൾക്ക് പുതുതായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവർക്ക് പട്ടികവർഗ്ഗത്തിന് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി)

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ചെയ്യുന്നതിനും അവരുടെ വിദ്യാഭ്യാസ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയാണ് "ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കീം". ഈ പദ്ധതിക്കായി ഈ വർഷം 25 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.
3. പട്ടികവർഗ്ഗ പദ്ധതികൾ നിർദ്ദേശിക്കുന്നതിനും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും വേണ്ടി ഊരുകൂട്ടങ്ങൾ രൂപീകരിക്കുന്നതിനും പരിശീലനത്തിനും വേണ്ടി 40 ലക്ഷം രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.
4. പട്ടികവർഗ്ഗക്കാരുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് "ഗ്രെയിൻ ബാങ്ക്" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
5. ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ടി "സംസ്ഥാന ട്രൈബൽ മിഷൻ" രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ 2024 ആദിവാസി കുടുംബങ്ങൾക്ക് 2862.38 ഏക്കർ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും യഥാസമയം ലഭ്യമാക്കി വരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമം

125 [1811] ശ്രീ. കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ:
" വി. ബാലറാം:
" എം. കെ. പോൾസൺ മാസ്റ്റർ:
" എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാരോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമ പ്രകാരം എത്രപേരുടെ മേൽ കേസ് എടുത്തിട്ടുണ്ട്;

(ബി) ആകെ എത്ര കേസുകൾ ഈ നിയമ പ്രകാരം പ്രസ്തുത കാലഘട്ടത്തിൽ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 2413 പേരുടെ മേൽ കേസ് എടുത്തിട്ടുണ്ട്.

(ബി) 1019 കേസുകൾ ഇതു സംബന്ധിച്ച് എടുത്തിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ

126 [1812] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ട്.

(ബി) അവയിൽ ഓരോന്നിലും എത്ര കുടുംബങ്ങൾ ഉണ്ടെന്നും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി, വെള്ളം എന്നിവ ലഭിക്കാതെയുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പട്ടികജാതി കോളനികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇതിനുവേണ്ടി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly